മിച്ചഭൂമി ഒഴിവാക്കികൊടുക്കണമെന്ന അപേക്ഷ

682 [993] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവുംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടകംപള്ളി മടത്തുവിളാകം വില്ലേജുകളിൽ ഉള്ള 88 സെൻറ് മിച്ചഭൂമി ഒഴിവാക്കികൊടുക്കണമെന്ന രവി കരുണാകരന്റെ അപേക്ഷയിൻമേൽ അവസാന തീരുമാനമായോ;

(ബി) ആയെങ്കിൽ എന്താണ് തീരുമാനമെന്ന് പറയാമോ?

ഉത്തരം

(എ) ആയി.

(ബി) ഒഴിവാക്കികൊടുക്കണമെന്ന അപേക്ഷ നിരസിച്ചുകൊണ്ട ഉത്തരവ് പാസാക്കി.

കൃഷ്ണമേനോൻ മെമ്മോറിയൽ വനിതാ കോളേജ്

683 [995] ശ്രീ. പി. ഭാസ്ക്കരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിനുള്ള കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കും;

(ബി) അടുത്ത അദ്ധ്യയന വർഷത്തിൽ പുതിയ സ്ഥലത്തു പ്രവർത്തനം ആരംഭിക്കുമോ?

ഉത്തരം

(എ) കണ്ണൂരിലെ കൃഷ്ണമേനോൻ മെമ്മോറിയൽ വനിതാ കോളേജിനു വേണ്ടി എടുത്ത സ്ഥലത്ത് സ്ഥിതിചെയ്യുന്ന ജയിൽ സൂപ്രണ്ടിന്റെ താമസം പുതിയ കെട്ടിടത്തിൽ മാറിയതിനു ശേഷമേ കണ്ണൂർ കോളേജിന് സൂപ്രണ്ടിന്റെ ബംഗ്ലാവ് ലഭിക്കുകയും, കൂടുതൽ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുകയുമുള്ളൂ. ഇതിന് വേണ്ട നിർദ്ദേശം ചീഫ് എൻജിനീയർക്ക് നൽകിയിട്ടുണ്ട്.

(ബി) സാധിക്കുമെന്നു തോന്നുന്നില്ല.

സ്കൂൾ കെട്ടിടത്തിനുവേണ്ടി നടത്തിയ ലോട്ടറി

684 [997] ശ്രീ. കെ. പി. നൂറുദ്ദീൻ
ശ്രീ. എൻ. പി. മൊയ്തീൻ
ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ കെട്ടിട നിർമ്മാണത്തിനുവേണ്ടി നടത്തിയ ലോട്ടറിയിൽ നിന്നു ലഭിച്ച തുകകൊണ്ട് കെട്ടിട നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഗവൺമെൻറ് സ്കൂൾ കെട്ടിട നിർമ്മാണത്തിനുവേണ്ടി നടത്തിയ ലോട്ടറിയിൽനിന്നും 27 ലക്ഷത്തോളം രൂപയാണ് ലാഭം പ്രതീക്ഷിക്കുന്നത്. അതിൻെറ കണക്കുകൾ പൂർത്തിയായിട്ടില്ല. പൂർണ്ണമായ കണക്ക് കിട്ടിയ ശേഷം ഈ വരുമാനംകൂടി കണക്കിലെടുത്തുകൊണ്ട് ഇതിന് ഉപയോഗിക്കുവാൻവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ഹരിജനങ്ങളായ ഡി. ഇ. ഒ. മാർ.

685 [998] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഡി. ഇ. ഒ. മാർ എത്ര;

(ബി) അവരിൽ ഹരിജനങ്ങൾ എത്ര;

(സി) ഡി. ഇ. ഒ. മാരെ നിയമിക്കുന്നതിൽ സാമുദായിക സംവരണതത്വം പാലിക്കാറുണ്ടോ?

ഉത്തരം

(എ) 29 (ഒരു ഡി. ഇ. ഒ. ട്രെയ്നി ഉൾപ്പെടെ)

(ബി) ഒന്ന് (സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി നിയമിച്ചത്)

(സി) 'പ്രമോഷൻ' വഴിയുള്ള നിയമനത്തിൽ സംവരണതത്വം പാലിക്കേണ്ടതില്ല, എന്നാൽ നേരിട്ടുള്ള നിയമനം പി. എസ്. സി. വഴി നടത്തുമ്പോൾ നിയമനത്തെ സംബന്ധിക്കുന്ന സംവരണ ചട്ടങ്ങൾ അതിനും ബാധകമായിരിക്കും.

ഗവൺമെൻറ് സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിർദ്ദേശിച്ച വ്യവസ്ഥകൾ

686 [999] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഗവൺമെൻറ് നിർദ്ദേശിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) ഗവൺമെൻറ് സ്കൂൾ കെട്ടിടം പണിയുന്നതിനുവേണ്ടി ഈ വർഷം എത്ര സംഖ്യയാണ് നീക്കിവച്ചത്;

(സി) എത്ര സ്കൂൾ കെട്ടിടത്തിൻെറ പണി ഈ വർഷം ആരംഭിച്ചു എന്നും എത്രയെണ്ണം പൂർത്തീകരിച്ചു എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗവൺമെൻറ് സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പ്രത്യേക വ്യവസ്ഥകളൊന്നും നിർദ്ദേശിച്ചിട്ടില്ല.

(ബി) 80,27,600 രൂപ.

LIBRARY ARCHIVES Kerala Legislative Assembly